03-03-2022

THURSDAY വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-03/03/2022

1. സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷികത്തിന്റെ ഭാഗമായി ഭാരതം മുഴുവൻ ആഘോഷിക്കുന്ന **ആസാദികാ അമൃത് മഹോത്സവ**ത്തിന്റ ഭാഗമായി പീലിക്കോട് ഉത്തരമേഖലാ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം നവംബർ 2021 മുതൽ ആഗസ്റ്റ് 2022 വരെ വിവധ പരിപാടികൾ നടത്തുന്നു. അഖിലേന്ത്യാ ഏകോപിത തെങ്ങ് ഗവേഷണ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ കേരളത്തിലെ 14 ജില്ലകളിൽ നിന്നുള്ള **കേരകർഷക പ്രതിനിധികളുടെ സംസ്ഥാന ശിൽപശാല**യും ഉത്തര കേരളത്തിലെ കൈപ്പാട് കർഷകകരെയും ദക്ഷിണകേരളത്തിലെ പൊക്കാളി കർഷകരെയും ഉൾപ്പെടുത്തി **തീരദേശ നെൽകർഷകരുടെ ശിൽപശാല**യും **ക്ഷീരകർഷകരുടെ ശിൽപശാല**യും ഇതിന്റെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാനതല ശിൽപശാലകളുടെ ഉദ്ഘാടനം ഈ മാസം 4 ന് (04.03.2022) കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവ്വഹിക്കുന്നു.

2. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800-425-1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

3. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികളിലായി കർഷക പങ്കാളിത്തത്തോടെ ഉൽപാദിപ്പിച്ച അത്യുത്പാദന ശേഷിയുള്ള മഞ്ഞളിനങ്ങളായ **പ്രതിഭ, പ്രഗതി** എന്നിവയുടേയും ഇഞ്ചിയിനമായ **വരദയുടേയും** നടീൽ വസ്തുക്കൾ ലഭ്യമാണ്. വിത്ത് ആവശ്യമുള്ളവർ **മാർച്ച് 4-നു** മുമ്പായി **9447790268, 0479 - 2449268, 2959268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം മാർച്ച് 04 വരെ (മാർച്ച് 04 വരെ) പനമരം ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ എറണാകുളം ജില്ലാ പഞ്ചായത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ആവിഷ്ക്കരിച്ച്, നടപ്പാക്കുന്ന എറണാകുളം ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് **മരുന്നുകൾ വാങ്ങൽ പദ്ധതിയി**ലേക്ക് മരുന്നുകൾ വിതരണം ചെയ്യുവാൻ താൽപര്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടർ സംബന്ധിക്കുന്ന വിവരങ്ങൾ http://tender.lsgkerala.gov.in/Tender/D165669_2022.pdf എന്ന വെബ് അഡ്രസ്സിൽ നിന്നും ലഭിക്കുന്നതാണ്.

6. പരിയാരം വെറ്ററിനറി പോളിക്ലിനിക്കിന്റെ നേതൃത്വത്തിൽ 28 ദിവസത്തിന് മുകളിൽ പ്രായമുള്ള കോഴി, താറാവ് എന്നിവയ്ക്ക് മാർച്ച് 17 വരെ എല്ലാ ദിവസവും രാവിലെ 10 മുതൽ 12 വരെ സൗജന്യ പ്രതിരോധ കുത്തിവയ്പ്പ് നൽകുമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു.

7. കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും (കാംകോയിൽ) വിവിധതരം കാർഷിക യന്ത്രങ്ങൾ 40 ശതമാനം മുതൽ 80 ശതമാനം വരെ സൗജന്യ നിരക്കിൽ ലഭിക്കുന്നു. കൂടുതൽ വിവരങ്ങൾ www.kamcoindia.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. താൽപ്പര്യമുള്ളവർ **കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, അത്താണി 683585, എറണാകുളം** എന്ന വിലാസത്തിലോ, **9400865666** എന്ന ഫോൺ നമ്പരിലോ, marketing@kamcoindia.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

8. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം (മാർച്ച്) **9, 10 തീയതികളിൽ ഇറച്ചിക്കോഴി വളർത്തലിലും 16 ന് ടർക്കി വളർത്തലിലും, 22 ന് താറാവു വളർത്തലിലും, 24 ന് തീറ്റപ്പുൽക്കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC)** നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് മാർച്ച് **09** മുതൽ **11** വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ് ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : **0481 2353127, 7306464582** എന്നീ ഫോൺ നമ്പറുകളിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

10. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് മാർച്ച് 04-ന് രാവിലെ 10.00 മണി മുതൽ **പശുവളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491 – 2815454** എന്ന ഫോൺ നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, രജിസ്റ്റർ ചെയ്ത കർഷകർക്ക് വേണ്ടി മാർച്ച് ആദ്യ പകുതിയിൽ **പശുവളർത്തൽ, ആടുവളർത്തൽ, ബ്രോയിലർ കോഴി വളർത്തൽ, താറാവ് വളർത്തൽ** എന്നീ വിഷയങ്ങളിൽ ക്ലാസ് റൂം പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ **0494 – 2962296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

12. ചീരയിലെ ഇലപ്പുള്ളിയും ഇലകരിച്ചിലും തടയാനായി ചുവന്ന ചീരയും പച്ചചീരയും ഇടകലർത്തി നടുക. **ട്രൈക്കോഡെർമ** അല്ലെങ്കിൽ **സ്യൂഡോമോണാസ്** ഇവയിലേതെങ്കിലുമുപയോഗിച്ച് വിത്ത് പരിചരണം നടത്തുക. വീശി ഒഴിക്കാതെ ചുവട്ടിൽ മാത്രം വെള്ളം ഒഴിക്കുക. രോഗം കണ്ടു തുടങ്ങുമ്പോൾ തന്നെ ഒരു ലിറ്റർ വെള്ളത്തിൽ സ്യൂഡോമോണാസ് 20 ഗ്രാമും പച്ച ചാണകം 20 ഗ്രാമും കലക്കി അതിന്റെ തെളി എടുത്തു തളിക്കുക. ഒരു ഗ്രാം സോഡാപ്പൊടിയും 5 ഗ്രാം മഞ്ഞപ്പൊടിയും ഒരു ലിറ്റർ വെള്ളത്തിൽ കലക്കി 7 മുതൽ 8 ദിവസം ഇടവിട്ട് ഇലകളിൽ തളിക്കുകയും ചുവട്ടിൽ ഒഴിക്കുകയും ചെയ്യുക.